1B5N17193 (Pages : 2) Reg. No:.............................

Name: ...............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2017**

**MAL5B07 – Malayala Vyakaranam**

(2015 Admission onwards)

Max. Time: 3 hours Max. Marks: 80

**A. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക**

1. 'അണം' എന്ന പ്രത്യയം ഏതു പ്രകാരത്തിന്റേതാണ്?
2. മലയാണ്മയുടെ വ്യാകരണം എന്ന കൃതിയുടെ കർത്താവ്?
3. ലിംഗപ്രത്യയം ചേർന്ന തദ്ധിതത്തിനു പറയുന്ന പേരെന്ത്?
4. വിഭക്തിക്കുറി കൂടാതുള്ള പദയോഗമാണ്?
5. അർത്ഥലോപം വന്ന് ദ്യോതകങ്ങളായിത്തീർന്ന വാചകപദങ്ങളാണ്?
6. അളവിനെക്കുറിക്കുന്ന ഭേദകം?
7. മണിപ്രവാളത്തിന്റെ ലക്ഷണഗ്രന്ഥം എന്നറിയപ്പെടുന്നത്?
8. വഞ്ചിപ്പാട്ട് വൃത്തം എന്നറിയപ്പെടുന്നത്?
9. കർത്തൃവ്യാപാരമില്ലാതെ നടക്കുന്ന ക്രിയയാണ്?
10. നാനം മോനം എന്നറിയപ്പെടുന്ന ലിപി?
11. നവയുഗഭാഷാനിഘണ്ടു രചിച്ചതാര്?
12. കേരളപാണിനീയം ആദ്യമായി പ്രസിദ്ധീകൃതമായ വർഷം? (12X1 =12)

**B. ഏഴു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

13. വിശിഷ്ടക്രിയ എന്നാൽ എന്ത്?
14. കാരിതം, അകാരിതം എന്ന് കേവലക്രിയകളെ തരംതിരിക്കുന്നതിന്റെ അടിസ്ഥാനമെന്ത്?
15. നാമധാതുക്കൾ എന്നാൽ എന്ത്?
16. സമാസവിഭക്തി എന്നാൽ എന്ത്?
17. ശീലഭാവിയുടെ പ്രത്യേകത എന്ത്?
18. നമ്പ്യാന്തമിഴ് എന്നാൽ എന്ത്?
19. ആഖ്യാതനാമം എന്തെന്ന് വിശദീകരിക്കുക.
20. കൃതികൃത്തും കാരകകൃത്തും തമ്മിലുള്ള വ്യത്യാസമെന്ത്? (7X2 =14)

**C. ഏതെങ്കിലും അഞ്ചു ചോദ്യത്തിന് നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക**

21. "നാമാദിയാം വിഭാഗത്തി-
നെല്ലാമർത്ഥം നിയാമകം"- വിശദീകരിക്കുക.
22. അനുപ്രയോഗം എന്നാൽ എന്ത്? എത്രവിധം? വിശദീകരിക്കുക.
23. മലയാളവിഭക്തികൾക്ക് സംസ്കൃതവിഭക്തികളിൽനിന്നു ഭിന്നമായ നാമകരണം സ്വീകരിക്കുന്നതിന് ഏ.ആർ.രാജരാജവർമ്മ പറയുന്ന കാരണങ്ങൾ ഏവ?

24. പ്രകാരം എന്നാൽ എന്ത്? പ്രധാന പ്രകാരങ്ങളേതൊക്കെ? വിശദീകരിക്കുക.

25. മലയാളത്തിലെ വർണവികാരങ്ങൾ കേരളപാണിനീയം അടിസ്ഥാനമാക്കി ക്രോഡീകരിക്കുക.

26. വിഭക്ത്യാഭാസം എന്നാൽ എന്ത്? വിശദീകരിക്കുക. (5X6 =30)

**D. ഏതെങ്കിലും മൂന്നു ചോദ്യത്തിന് മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക**

27. മലയാളത്തിലെ അക്ഷരങ്ങളെത്ര? കേരളപാണിനിയുടെ അഭിപ്രായവുമായി ബന്ധപ്പെടുത്തി ചർച്ചചെയ്യുക.

28. മലയാളത്തിലെ നിഷേധരൂപങ്ങളെക്കുറിച്ച് ഉപന്യസിക്കുക.

29. ലീലാതിലകത്തിലേയും കേരളപാണിനീയത്തിലേയും സന്ധികൾ താരതമ്യപ്പെടുത്തി വിശദീകരിക്കുക.

30. വിനയെച്ചങ്ങൾ എന്നാൽ എന്ത്? എത്രവിധം? അവയുടെ പ്രയോഗസവിശേഷതകൾ എന്തെല്ലാം? വിശദീകരിക്കുക. (3X8 =24)

1B5N17194 (Pages : 2 ) Reg. No:..............................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2017**

**MAL5B08 – Paschathya Sahithya Sidhanthangal**

(2015 Admission onwards)

Max. Time: 3 hours Max. Marks: 80

**A. എല്ലാ ചോദ്യങ്ങൾക്കും ലഘുവായി ഉത്തരമെഴുതുക. (12x1=12)**

1. 'ദി ഇന്റർപ്രെറ്റേഷൻസ് ഓഫ് ഡ്രീംസ്' എന്ന പ്രശസ്തഗ്രന്ഥത്തിന്റെ കർത്താവാര്?
2. പ്ലേറ്റോ സ്ഥാപിച്ച വിശ്വപ്രസിദ്ധവിദ്യാലയത്തിന്റെ പേര്?
3. അന്തർജ്ഞാനത്തെ കലാസിദ്ധാന്തവുമായി ബന്ധിപ്പിച്ച പാശ്ചാത്യനിരൂപകൻ ആര്?
4. 'പാശ്ചാത്യസാഹിത്യദർശനം' എന്ന ഗ്രന്ഥം രചിച്ചത് ——— ആണ്?
5. അധമകലയ്ക്ക് ഉദാഹരണമായി ടോൾസ്റ്റോയി ചൂണ്ടിക്കാട്ടുന്നത് എന്തിനെയാണ്?
6. പ്ലേറ്റോയുടെ ഗ്രന്ഥങ്ങൾ ഏതു രൂപത്തിലുള്ളവയാണ്?
7. ലിറിക്കൽ ബാലഡ്സിന് മുഖവുര എഴുതിയതാര്?
8. സാർത്ര് ——— ദർശനത്തിന്റെ വക്താവാണ്?
9. ഘടനാവാദചിന്തയുടെ പ്രധാനവക്താവാര്?
10. 'ഒബ്ജക്ടീവ് കോറിലേറ്റീവ്' എന്ന പരികല്പന മുന്നോട്ടുവെച്ച സാഹിത്യവമർശകനാര്?
11. 'ശൈലിതന്നെ മനുഷ്യൻ' എന്നു പ്രഖ്യാപിച്ച പണ്ഡിതനാര്?
12. 'പ്രിൻസിപ്പൽസ് ഓഫ് ലിറ്ററി ക്രിട്ടിസിസം' എന്ന പഠനഗ്രന്ഥത്തിന്റെ രചയിതാവ്?

**B. ഏഴുചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (7x2=14)**

13. ദുരന്തനാടകത്തെ കുറിച്ചുള്ള അരിസ്റ്റോട്ടിലിന്റെ നിർവചനം ഉദ്ധരിക്കുക.
14. ലോംഗിനസിന്റെ ഉദാത്തതാസിദ്ധാന്തത്തെകുറിച്ച് ഒരു ലഘുവിവരണം തയ്യാറാക്കുക.
15. പ്രാഥമികഭാവന, ദ്വിതീയഭാവന എന്നിവയെ അധികരിച്ച് കോൾറിഡ്ജ് മുന്നോട്ടു വെച്ച ആശയങ്ങൾ ക്രോഡീകരിക്കുക.
16. മാജിക്കൽ റിയലിസമെന്നാലെന്ത്?
17. ഫ്യൂച്ചറിസത്തിന്റെ മുഖ്യസങ്കല്പങ്ങളെന്തെല്ലാം?

18. 'ഇക്കോ ക്രിട്ടിസിസം' എന്നാലെന്ത്?

19. പ്ലേറ്റോയുടെ കാവ്യനിരാസനിലപാട് പരിചയപ്പെടുത്തുക.

20. ടോൾസ്റ്റോയിയുടെ കലാനിർവചനം ഉദ്ധരിക്കുക.

**C. ഏതെങ്കിലും അഞ്ചുചോദ്യങ്ങൾക്ക് നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക.** **(5x6=30)**

21. ട്രാജഡിയുടെ ആറു ഘടകങ്ങളെകുറിച്ച് ലഘുവിവരണം തയ്യാറാക്കുക.

22. ഫെമിനിസ്റ്റ് പ്രത്യയശാസ്ത്രത്തെ പരിചയപ്പെടുത്തുക.

23. മിസ്റ്റിസിസം വിശദമാക്കുക.

24. ഘടനാവാദമെന്നാലെന്തെന്ന് വിശദീകരിക്കുക.

25. മാർക്സിസ്റ്റ്വിമർശനസിദ്ധാന്തത്തിന്റെ പ്രധാനസങ്കല്പനങ്ങൾ വിവരിക്കുക.

26. സർറിയലിസ്റ്റ് പ്രസ്ഥാനത്തെ സാമാന്യമായി പരിചയപ്പെടുത്തുക.

**D. ഏതെങ്കിലും മൂന്നു ചോദ്യത്തിന് മുന്നൂറ് വാക്കിൽ കവിയാതെ ഉത്തരമെഴുതുക.**

**(3x8=24)**

27. അരിസ്റ്റോട്ടിലിന്റെ കലാദർശനത്തെ വിശദമായി പരിചയപ്പെടുത്തുക.

28. കാല്പനികവിമർശനരംഗത്തിന് വേഡ്സ്വർത്തും കോൾറിഡ്ജും നൽകിയി സംഭാവനകൾ വിശദീകരിക്കുക.

29. മനഃശാസ്ത്രവിമർശനത്തിന്റെ പ്രധാനസങ്കല്പനങ്ങളും വികാസപരിണാമങ്ങളും വിശദീകരിക്കുക.

30. ആധുനികാനന്തരസിദ്ധാന്തങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.

**************

1B5N17195 (Pages : 2) Reg. No:.......................

Name: .......................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2017**

**MAL5B09 – Malayala Sahithya Vimarsanam**

(2015 Admission onwards)

Max. Time: 3 hours Max. Marks: 80

**A. എല്ലാ ചോദ്യങ്ങൾക്കും ലഘുവായി ഉത്തരമെഴുതുക. (12 x 1 = 12)**

1. 'പോഷക ധർമ്മം കൈക്കൊണ്ട ഒരു പത്രം' എന്ന് വടക്കുംകൂർ വിശേഷിപ്പിച്ച പ്രസിദ്ധീകരണമേത് ?
2. 'മി.എഴുത്തുകാരൻ, നിങ്ങൾ ബൂർഷ്വാ പ്രസാധകനിൽ നിന്ന് സ്വതന്ത്രനാണോ?' - ആരുടെ ചോദ്യമാണിത് ?
3. 'അക്ബർ' എന്ന കൃതിയുടെ രചയിതാവ് ആര് ?
4. സീതയുടെ മഹത്തായ ചരിതമാണ് രാമായണമെന്ന് പറഞ്ഞതാര്?
5. 'സാഹിത്യപഞ്ചാനൻ' എന്ന അപരനാമത്തിൽ അറിയപ്പെട്ട വിമർശകൻ ആര് ?
6. സി.പി.അച്യുതമേനോൻ പത്രാധിപരായിരുന്ന മാസിക ഏത് ?
7. ചിരിക്ക് വിഷയമായ ജന്തു എന്ന് മനുഷ്യനെ നിർവ്വചിച്ച ചിന്തകൻ ?
8. ഒരു യഥാർത്ഥ പണ്ഡിതനാകണമെങ്കിൽ നിരൂപണകലയെ ഉപേക്ഷിക്കണമെന്ന് പറഞ്ഞതാര് ?
9. സുഹൃത്ത് മാസികയിൽ മേതിൽ രാധാകൃഷ്ണൻ എഴുതിയിരുന്ന കോളം ?
10. ചെമ്മീന്റെ ജനപ്രിയതയെ പ്രതിരോധിക്കും വിധം പുതിയ വായന നിർവ്വഹിച്ച തായി കെ.ഇ.എൻ.ചൂണ്ടിക്കാട്ടുന്ന നിരൂപകൻ ആര് ?
11. കാളിദാസന്റെ ഏതു കൃതിയെ മുൻനിർത്തിയാണ് 'കാളിദാസനും കാലത്തിന്റെ ദാസൻ' എന്ന ലേഖനം എഴുതിയത് ?
12. അങ്ങാടിയുടെ മിശ്രഭാഷയ്ക്ക് മണിപ്രവാളത്തിലുള്ള പേരെന്ത് ?

**B. ഏഴു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (7 x 2 = 14)**

13. 'ഹാസ്യത്തിന്റെ മർമ്മം അധ:പതനമല്ലെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു.' ലേഖകൻ ഇങ്ങനെ അഭിപ്രായപ്പെടാൻ കാരണമെന്ത് ?
14. വിമർശകന്റെ ഇരട്ട നിലപാടിനെക്കുറിച്ച് നോർതോപ്ഫ്രൈയുടെ അഭിപ്രായ മെന്താണ് ?
15. ഭാരതീയസുന്ദരകലകളെ ബാധിച്ച ദൂഷ്യങ്ങളായി കേസരി ചൂണ്ടിക്കാട്ടുന്ന തെന്തെല്ലാം ?
16. ഒരു എഴുത്തുകാരനെ സംബന്ധിച്ചിടത്തോളം ഏറ്റവും ഗൗരവമേറിയ പ്രശ്നമായി കെ.പി.അപ്പൻ കരുതുന്നതെന്താണ് ?
17. രാമനിലുള്ള സ്നേഹവൈകല്യത്തിന് ഉദാഹരണമായി മാരാർ ചൂണ്ടിക്കാട്ടുന്ന സന്ദർഭമേത് ?
18. തന്റെ ആദ്യരചന മാക്ബത്താണെന്ന് ഇസ്മായിൽ കാദരെ പറയുന്ന തെന്തുകൊണ്ട് ?
19. വൈകാരികോർജ്ജത്തിനപ്പുറമുള്ള 'നവലോകം' ചെമ്മീനിന് നഷ്ടമായത് എന്തുകൊണ്ടാണ് എന്നാണ് കെ.ഇ.എൻ. പറയുന്നത് ?
20. ക്യൂബിസത്തിന് കേസരി നൽകുന്ന നിർവ്വചനമെന്ത് ?
21. രാമായണം മുഴുവൻ വായിച്ചിട്ടും രാമൻ സീതയ്ക്കെന്താവും എന്നു ചോദിച്ച അന്ധപ്പരീക്ഷയുടെ കൂട്ടത്തിൽ അഴീക്കോട് പരിഗണിക്കുന്നത് ഏതു തരത്തിലുള്ള വായനക്കാരെയാണ് ?

C. ഏതെങ്കിലും അഞ്ചു ചോദ്യത്തിന് നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക. (5 x 6 = 30)

22. ചെമ്മീനിലെ അരയകഥാപാത്രങ്ങൾ പോലും മേൽക്കോയ്മാ ബോധത്തിന് അടിപ്പെട്ടു നിൽക്കുന്ന വിധേയകഥാപാത്രങ്ങളാണെന്ന വിമർശനം സാധുവാണോ? പരിശോധിക്കുക.

23. ശാകുന്തളം മൂലകഥയിൽ നിന്ന് കാളിദാസൻ വരുത്തിയ മാറ്റങ്ങളെ മുണ്ടശ്ശേരി വിലയിരുത്തുന്നതെങ്ങനെ ?

24. 'രസികരഞ്ജിനി'യെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

25. ഹാസ്യത്തിന്റെ പ്രഭവത്തെക്കുറിച്ചുള്ള ബർഗ്സൺന്റെ സിദ്ധാന്തങ്ങൾ സംഗ്രഹിക്കുക ?

26. വൈലോപ്പിള്ളിക്കവിതയിലെ ഗന്ധബിംബങ്ങളെക്കുറിച്ചുള്ള എം.എൻ.വിജയന്റെ നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

27. ഹെർമൻ ഹെസ്സിന്റെ 'സിദ്ധാർത്ഥ'യിലെ നായകനെപ്പോലെയായിരിക്കണം എഴുത്തുകാരൻ എന്ന് കെ.പി.അപ്പൻ നിരീക്ഷിക്കുന്നതിന്റെ സാംഗത്യം പരിശോധിക്കുക.

28. സ്ത്രീകളേയും അങ്ങാടിയിലെ ഉല്പന്നങ്ങളേയും സമീകരിക്കുന്ന ഒരു മൂല്യബോധം മണിപ്രവാളകൃതികളിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് വി.സി.ശ്രീജൻ അഭിപ്രായപ്പെടുന്നതെന്തുകൊണ്ട് ?

29. ചിന്തയിലെ മൗലികതയാണ് എം.ഗോവിന്ദന്റെ ജീവിതനിരീക്ഷണങ്ങളെ സവിശേഷമാക്കുന്നത്- 'ഇനി നാം എങ്ങോട്ട്' എന്ന ലേഖനത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

D. ഏതെങ്കിലും മൂന്നെണ്ണത്തിന് മുന്നൂറ് വാക്കിൽ കവിയാതെ ഉത്തരമെഴുതുക. (3 x 8 = 24)

30. മാരാരിലെ വിഗ്രഹഭഞ്ജകത്വം പരമകാഷ്ഠയിലെത്തുന്നത്- 'വാൽമീകിയുടെ രാമൻ' എന്ന ലേഖനത്തിലാണ് - സമർത്ഥിക്കുക.

31. മലയാളവിമർശനത്തിന്റെ വളർച്ചയിൽ പത്രമാസികകൾ വഹിച്ച പങ്ക് വിശകലനം ചെയ്യുക. .

32. വിമർശനത്തിലെ അപൂർവമായ സൗന്ദര്യശാസ്ത്ര ഗ്രന്ഥം എന്ന നിലയിൽ തിരസ്കാരത്തിന്റെ സവിശേഷതകൾ വിലയിരുത്തുക.

33. ഹാസ്യത്തിന്റെ ഉൽപത്തി എന്ന ലേഖനത്തിൽ എം.പി.പോൾ മുന്നോട്ടു വെക്കുന്ന വാദഗതികൾ വിമർശനബുദ്ധ്യാ വിലയിരുത്തുക.

34. ആശാന്റെ സീതാകാവ്യത്തെ മുൻനിർത്തി രാമായണം സീതായനമാണെന്ന കാഴ്ചപ്പാടിന്റെ യുക്തി പരിശോധിക്കുക.

Name: ..............................

# FAROOK COLLEGE (AUTONOMOUS), KOZHIKODE

## Fifth Semester BA Malayalam Degree Examination, November 2017

## BMAL5B10 – Nadodi Vinjaneeyam

(2015 Admission onwards)

Max. Time: 3 hours Max. Marks: 80

A എല്ലാ ചോദ്യങ്ങൾക്കും ലഘുവായി ഉത്തരമെഴുതുക. (12X1=12)

1. വയനാട്ട് കുലവന്റെ പുരാവൃത്തം ഏത് പാട്ടുകളിലാണ് ആഖ്യാനം ചെയ്യപ്പെടുന്നത്?
2. ഫിന്നിഷ് സാഹിത്യത്തിലെ നാടോടിപ്പാട്ടുകളുടെ സമാഹാരമായ ക്ലാസിക് കൃതി ഏത്?
3. പുരാവൃത്തങ്ങളുടെ വിശകലനത്തിനുപയോഗിക്കുന്ന ഘടനാത്മക വിശകലന രീതി ഏത് വിജ്ഞാനശാഖയിൽ നിന്നും കടം കൊണ്ടതാണ്?
4. ഫോക് ആശയാഭാസം (Folk Fallacies) എന്ന ആശയം അവതരിപ്പിച്ചതാര്?
5. പലരുടെ അറിവ്, ഒരാളുടെ ഫലിതോക്തി–എന്തിനെയാണ് ഇങ്ങനെ പറയുന്നത്?
6. 'ഗോത്രകലാവടിവുകൾ'ആരുടെ കൃതിയാണ്?
7. നാട്യസംബന്ധിയായ ഭരതന്റെ കൃതിയേത്?
8. ശങ്കരാചാര്യരുടെ മനീഷാപഞ്ചകവുമായി ബന്ധപ്പെട്ട തോറ്റമേതാണ്?
9. ഫോക്‌ലോർ എന്ന പദം ആദ്യമായി പ്രയോഗിച്ചതാരാണ്?
10. വടക്കൻ പാട്ടുകളുടെ പ്രധാന പ്രയോഗസന്ദർഭമേത്?
11. പാരമ്പര്യ ജനതാശാസ്ത്രവും നാടൻഗാനങ്ങളും എന്ന് ഫോക്‌ലോറിനെ നിർവ്വചിച്ചതാര്?
12. 'കേരളത്തിലെ നാടോടി നാടകങ്ങൾ' എന്ന ഗ്രന്ഥം രചിച്ചതാര്?

B ഏഴു ചോദ്യങ്ങൾക്ക് ലഘുവായി ഉത്തരം തയ്യാറാക്കുക. (7X2=14)

13. നിദാന ചികിത്സ എന്നാലെന്ത്?
14. എന്താണ് പ്രയുക്ത ഫോക്‌ലോർ ?
15. 'അരങ്ങുപാട്ടുകൾ' എന്നാലെന്ത്?
16. 'കുത്ത് റാത്തിബ്' എന്താണ്?
17. കളിയാട്ടം എന്തെന്ന് വ്യക്തമാക്കുക?
18. ഗദ്യാഖ്യാനത്തിലെ തരംതിരിവുകളേതെല്ലാം?
19. എന്താണ് ഫിന്നിഷ് മെത്തേഡ്?
20. വായ്മൊഴി വഴക്കം എന്നാലെന്ത്?

C ഏതെങ്കിലും അഞ്ച് ചോദ്യത്തിന് നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക. (5X6=30)

21. പഴഞ്ചൊല്ലിന്റെ ധർമ്മങ്ങൾ എന്തെല്ലാമാണ്?
22. നാഗരിക ഫോക്‌ലോറിനെ പരിചയപ്പെടുത്തുക?
23. നാടോടി നാടകങ്ങൾ ഒരു കുറിപ്പ് തയ്യാറാക്കുക?
24. മുടിയേറ്റിലെ അനുഷ്ഠാനതലം വിശദീകരിക്കുക?
25. കാക്കാരശ്ശിനാടകം–കുറിപ്പെഴുതുക?
26. കഥാഗാനങ്ങളെന്തെന്ന് വിശദീകരിക്കുക?

D ഏതെങ്കിലും മൂന്നെണ്ണത്തിന് മുന്നൂറ് വാക്കിൽ കവിയാതെ ഉത്തരമെഴുതുക. (3X8=24)

27. നാടൻപാട്ടുകളുടെ സാമാന്യമായ സ്വഭാവങ്ങളെ വിശകലനം ചെയ്യുക?
28. അനുഷ്ഠാനം/അവതരണം എന്നിവയെ മുൻനിർത്തി വേലവരവിനെക്കുറിച്ച് ഉപന്യസിക്കുക?
29. ഫോക്‌ലോർപഠനത്തിന്റെ സമകാല പ്രസക്തി ചർച്ചചെയ്യുക?
30. കേരളത്തിലെ ക്രിസ്ത്യൻ സമുദായം പരമ്പരാഗതമായി സംരക്ഷിച്ചു പോരുന്ന കലാരൂപങ്ങളെ പരിചയപ്പെടുത്തുക?

2B5N17197 (Pages : 2) Reg. No:............................

Name: ..................................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam (Open Course)Degree Examination, November 2017**

**MAL5D01 – Chalachithra Padanam**

(2015 Admission onwards)

Max. Time: 2 hours Max. Marks: 40

A. എല്ലാ ചോദ്യങ്ങൾക്കും ഒറ്റവാക്കിൽ ഉത്തരമെഴുതുക **(10 X 1/2 = 5)**

1. ഇന്ത്യയിലെ ആദ്യത്തെ നിയോ റിയലിസ്റ്റിക് ചിത്രം?
2. മലയാളത്തിലെ ആദ്യത്തെ ഡോൾബിസ്റ്റീരിയോ ചിത്രമാണ് ...........?
(നീലക്കുയിൽ, മൈ ഡിയർ കുട്ടിച്ചാത്തൻ, കാലാപാനി)
3. 'ദ സൗണ്ട് ഓഫ് മ്യൂസിക് 'എന്ന സിനിമയുടെ സംവിധായകൻ ആര്?
4. തമിഴ് നാട്ടിലെ തോട്ടി തൊഴിലാളികളുടെ ജീവിതം ചിത്രീകരിച്ച കക്കൂസ് എന്ന ഡോക്യുമെന്ററി സംവിധാനം ചെയ്തത്?
5. 'നിഴലുകളുടെ ജാലയാണ് സിനിമ' എന്ന് അഭിപ്രായപ്പെട്ടത്?
(ആബൽഗാൻസ്,റൊളാങ്ങ് ബർത്ത്, സാമുവൽഫുള്ളർ)
6. ഇന്തോ- കനേഡിയൻ ചലച്ചിത്രമായ വാട്ടറിന്റെ കഥയും സംവിധാനവും നിർവ്വഹിച്ചത് ?
7. മലയാളത്തിലെ ആദ്യകളർചിത്രമായ 'കണ്ടം ബെച്ച കോട്ട് 'പുറത്തിറങ്ങിയ വർഷം?
(1961,1971,1981)
8. പ്രേം നസീർ അരങ്ങേറ്റം കുറിച്ച ആദ്യ മലയാള സിനിമയാണ് ............?
9. ഇന്ത്യൻ സിനിമയുടെ പിതാവ് എന്ന് വിളിക്കുന്നത് ആരെയാണ്?
10. 'ദ ചിൽഡ്രൻ ഓഫ് ഹെവൻ' എന്ന സിനിമ സംവിധാനം ചെയ്തതാര്?

B. ഏതെങ്കിലുംഅഞ്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക **(5 X 2 = 10)**

11. ട്രാക്കിംഗ് ഷോട്ട് എന്നാൽ എന്ത്?
12. എലിപ്പത്തായം - ലഘുകുറിപ്പ് തയ്യാറാക്കുക?
13. സിനിമയിൽ ബാക്ക് ലൈറ്റിംഗ് ഉപയോഗിക്കുന്നതിന്റെ ലക്ഷ്യമെന്ത് ?
14. അനുകല്പനം എന്നാൽ എന്ത് ?
15. "ദ ഗ്രേറ്റ് ഡിക്ടേറ്റർ" ലഘുകുറിപ്പ് തയ്യാറാക്കുക?
16. മേഘ ധക്കതാര - ഇതിവൃത്തമെന്ത്?

C. ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്ക് നൂറ്റമ്പത് വാക്കിൽ കവിയാതെ ഉത്തരമെഴുതുക. (3 X 5 = 15)

17. ഡോക്യുമെന്ററി എന്തെന്ന് വിശദമാക്കുക?
18. പഥേർ പാഞ്ചാലി -കുറിപ്പ് തയ്യാറാക്കുക?
19. ന്യൂ വേവ് സിനിമകൾ എന്തെന്ന് ഉദാഹരണം സഹിതം വ്യക്തമാക്കുക?
20. മിസ്റ്റർ ആന്റ് മിസ്സിസ് അയ്യർ- കുറിപ്പ് തയ്യാറാക്കുക?

D. ഏതെങ്കിലും ഒരു ചോദ്യത്തിന് മുന്നൂറ് വാക്കിൽ കവിയാതെ ഉത്തരം എഴുതുക. (1 X 10 = 10)

21. ജോൺ എബ്രഹാം,പത്മരാജൻ,ഭരതൻ,ടി.വി.ചന്ദ്രൻതുടങ്ങിയസംവിധായകരുടെ സിനിമകളുടെ സവിശേഷതകൾ വിവരിക്കുക?
22. സാങ്കേതിക വിദ്യയുടെ സ്വാധീനം ഇന്ത്യൻ സിനിമകളിൽ- ഉപന്യസിക്കുക?